ടൂറിസ്റ്റ് ബംഗ്ലാവുകളും ടി. ബി.കളും.

* 687. [12] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960-നുശേഷം, ടൂറിസ്റ്റ് എത്ര പുതിയ ടൂറിസ്റ്റ് ബംഗ്ലാവുകളും, ടി. ബി. കളും എന്നിവ പണികഴിച്ചു ;

(ബി) കൊട്ടങ്ങല്ലൂരിലെ ടി. ബി. എത്ര കൊല്ലത്തിൽ പണി ആരംഭിച്ചതാണ് ; എന്ന് അവസാനിച്ചു ;

(സി) ടി. ബി.യുടെ പണി പൂർത്തിയാക്കിയിട്ടും ഇന്നുവരെ അതു പൊതുജനാവശ്യത്തിനു തുറന്നു കൊടുക്കാതിരിക്കാൻ കാരണമെന്തു് ;

(ഡി) പ്രസ്തുത ടി. ബി. യുടെ പണിക്കുള്ള എസ്റ്റിമേറ് തയാറാക്കിയതിനോടൊപ്പം സാനിട്ടറി ഫിറ്റിംഗ്സിനും വാട്ടർ സപ്ലൈക്കുമുള്ള എസ്റ്റിമേറും തയാറാക്കിയിരുന്നുവോ ;

(ഈ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ;

(എഫ്) പ്രസ്തുത പണികളെല്ലാം പൂർത്തീകരിച്ച് എന്നേക്കു് പൊതുജനാവശ്യത്തിനു ടി. ബി. തുറന്നുകൊടുക്കാൻ സാധിക്കും ;

(ജി) എത്ര സംഖ്യ ഒട്ടാകെ ഈ ആവശ്യത്തിനു ചെലവുണ്ടു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 6 (ആറ്)

(ബി) കൊട്ടങ്ങല്ലൂർ രണ്ടാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവിന്റെ പണി 1961 മാർച്ചു മാസത്തിൽ ആരംഭിക്കുകയും 1963 ജനുവരി മാസത്തിൽ വാട്ടർ സപ്ലൈ, സാനിട്ടറി ഫിറ്റിംഗ് എന്നിവ ഒഴികെയുള്ള പണികളും പൂർത്തിയാക്കുകയുംചെയ്തു.

(സി) പണി മുഴുവനും പൂർത്തിയായിട്ടില്ലാത്തതുകൊണ്ടു്.

(ഡി) ടൂറിസ്റ്റ്ബംഗ്ലാവിനുള്ള എസ്റ്റിമേറിൽ സാനിട്ടറി ഫിറ്റിംഗിനും വാട്ടർസപ്ലൈക്കും തുക കൊള്ളിച്ചിരുന്നു.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മൂന്നുമാസത്തിനകം സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(ജി) ഈ ടൂറിസ്റ്റ് ബംഗ്ലാവിന്റെ പണിക്കു ആകെ 1,50,000 രൂപ ചെലവുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ റോഡിന്റെ വക്കത്തു് ഒരു കെട്ടിടം കണ്ടാൽ അതിന്റെ പണി പൂർത്തിയായിട്ടുള്ള ഒരു കെട്ടിടമാണു് അതെന്നാണു് ആളുകൾക്കു തോന്നുന്നതു്. ഗവണ്മെന്റു പറയുന്ന രീതിയിലാണെങ്കിൽ അതു പൂർത്തിയാക്കാൻ എത്ര കാലം പിടിക്കും; ഏതു ഘട്ടത്തിലാണു് ഒരു കെട്ടിടത്തിന്റെ പണി പൂർത്തിയായി എന്നു പറയുന്നതു് ?

ശ്രീ. പി. പി. ഉമ്മർകോയ : താമസിക്കാൻ വേണ്ടിയുള്ള ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ നിർമ്മാണം കൊണ്ടുമാത്രം എല്ലാം പൂർത്തിയാകുന്നില്ല. താമസത്തിനുവേണ്ടിയുള്ള സൗകര്യങ്ങളും, സാനിട്ടറി ഫിറ്റിംഗ്സും, എലക്ട്രിസിറ്റി, വാട്ടർസപ്ലൈ ഇതെല്ലാം ചെയ്യുകഴിഞ്ഞാലേ ആ കെട്ടിടം പൂർത്തിയാകുകയുള്ളൂ. അങ്ങനെയുള്ള സൗകര്യങ്ങളും ചെയ്യുകഴിഞ്ഞില്ലെങ്കിൽ ആ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ലെന്നാണു കണക്കാക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : സാധാരണ ഒരു കെട്ടിടം കെട്ടുന്നതിനെ സംബന്ധിച്ചു് കല്ലും കുമ്മായവും സിമന്റും വച്ചുകെട്ടുന്ന ആ ഭാഗത്തെ സംബന്ധിച്ചു മാത്രമേ പ്ലാൻ ഉള്ളൂ. സാനിട്ടറി ഫിറ്റിംഗ്, വാട്ടർസപ്ലൈ, മുതലായവയ്ക്കു പ്ലാനില്ലേ ? പിന്നെ ഇതിനു കാലതാമസം വരുന്നതു എന്തുകൊണ്ടാണു് ? ഒന്നു കഴിഞ്ഞിട്ടു് പിന്നെ ആലോചന നടത്തിയിട്ടു് പിന്നെ വേറൊന്നു ചെയ്യുന്ന സമ്പ്രദായമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ചിലപ്പോൾ എസ്റ്റിമേറിലുള്ള തുക കൊണ്ട് പണി പൂർത്തിയാക്കാൻ സാധിച്ചില്ലെന്നുവരും. അപ്പോൾ എസ്റ്റിമേറു റിവൈസ് ചെയ്യേണ്ടിവരും. അങ്ങനെയാണ് ചിലപ്പോൾ കാലതാമസമുണ്ടാകുന്നത്.

ശ്രീ. ഓ. കോരൻ : തളിപ്പറമ്പിലെ ടി. ബി.യിൽ ശുദ്ധജലം ലഭിക്കുന്നതിന് യാതൊരു സൗകര്യവുമില്ല. അതുകൊണ്ട് അവിടെ പൈപ്പു കണക്ഷൻ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു പരിശോധിക്കാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : വിശേഷാത്തരമായ ആറന്മുള ജലോത്സവം കാണുന്നതിന് ധാരാളം ടൂറിസ്റ്റുകൾ വരുന്നതായ ആറന്മുളയിൽ ഒരു ടൂറിസ്റ്റു ബംഗ്ലാവു് പണിയുന്നതിന് ഗവണ്മെൻറിനു പരിപാടിയുണ്ടായിരുന്നു. അതിപ്പോൾ എവിടംവരെയായി ?

ശ്രീ. പി. പി. ഉമ്മർകോയ : വിശേഷാത്തരമായ ജലോത്സവം നടത്തുന്ന സ്ഥലമാണ് ആറന്മുള എന്നുള്ള കാര്യം ഓർക്കുന്നുണ്ട്. നമ്മുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല പദ്ധതികളുടേയും പ്രവർത്തനത്തിനു തുകയില്ലാത്തതുകൊണ്ട് പല പണികളും തുടങ്ങാൻ സാധിച്ചിട്ടില്ല. മൂന്നാം പദ്ധതിക്കാലത്തു് തുടങ്ങാൻ സാധിച്ചില്ലെങ്കിലും നാലാം പദ്ധതിയിലെങ്കിലും ആറന്മുളയിൽ എന്തെങ്കിലും സൗകര്യമുണ്ടാക്കുന്നകാര്യം ഗവണ്മെൻറ് പരിഗണിക്കുന്നതാണ്.

ചേർത്തല -ആലപ്പുഴ തോട്.

* 688. [13] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വെട്ടുവാൻ ആരംഭിച്ചിട്ട് അഞ്ചുകൊല്ലത്തിനു മേൽ കാലം കഴിഞ്ഞ എത്ര തോടുകൾ (Canals) വെട്ടി പൂർത്തിയാക്കാതെ കിടപ്പുണ്ട് ;

(ബി) ചേർത്തല-ആലപ്പുഴ തോട് (Canal) എന്നാണ് വെട്ടുവാൻ തുടങ്ങിയതു് ; ആ തോട് പൂർത്തിയാക്കുവാൻ എത്ര മൈൽ കൂടി വെട്ടണം ;

(സി) ചേർത്തല-ആലപ്പുഴ തോട് വെട്ടു് നിറുത്തിവച്ചിട്ടു് ഇപ്പോൾ എത്ര കാലമായി ;

(ഡി) അതു നിറുത്തിവയ്ക്കുവാൻ കാരണമെന്താണ് ;

(ഈ) ആ തോടുവെട്ടുന്നതിനു ഗവണ്മെൻറിനു ഇതുവരെ എത്ര ചെലവായിട്ടുണ്ട് ;

(എഫ്) ആ തോട് നേരെയാക്കുന്നതിനു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) എട്ടു തോടുകൾ.

(ബി) വെട്ടുവാൻ തുടങ്ങിയതു് 1951–52–ലാണ്. ഇനി ഉദ്ദേശം 200 അടി ദൂരം വെട്ടുവാൻ ഉണ്ട്.

(സി) 1958–ൽ ആണ് നിറുത്തിവച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly